# <u>പൊതു അറിയിപ്പ്</u>

30.01.2024 ലെ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ CP-22/2/2024-WM-III-HO-CPCB-HO നം. കത്തിലെ നിർദ്ദേശ പ്രകാരം പുറപ്പെടുവിക്കുന്നത്

## <u>Hazardous and Other Wastes (Management and Transboundary Movement) Amendment Rules, 2022 പ്രകാരം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ വേസ്റ്റ് ടയർ കൈകാര്യം ചെയ്യുന്ന ഇ.പി.ആർ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്.</u>

കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറത്തിറക്കിയ Hazardous and Other Wastes (Management and Transboundary Movement) Amendment Rules, 2022ലെ ഷെഡ്യൂൾ IX പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഇ.പി.ആർ പോർട്ടൽ ആയ https://eprtyrescpcb.inൽ എത്രയും പെട്ടെന്ന് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**1. പ്രൊഡ്യൂസേഴ്സ്**

i. പുതിയ ടയർ നിർമ്മിക്കുകയും തദ്ദേശീയമായി വിൽക്കുകയും ചെയ്യുന്ന വ്യക്തി/സ്ഥാപനം

ii. മറ്റ് നിർമ്മാതാക്കളിൽ നിന്നോ വിതരണക്കാരിൽ നിന്നോ ഉള്ള പുതിയ ടയർ സ്വന്തം ബ്രാൻഡിനു കീഴിൽ തദ്ദേശീയമായി വിൽക്കുന്ന വ്യക്തി/സ്ഥാപനം

iii. ഇറക്കുമതി ചെയ്ത പുതിയ ടയർ വിൽക്കുന്ന വ്യക്തി/സ്ഥാപനം

iv. പുതിയ ടയറുകൾ ഘടിപ്പിച്ച വാഹനങ്ങൾ ഇറക്കുമതി ചെയ്യുന്ന വ്യക്തി/സ്ഥാപനം

v. തദ്ദേശീയമായി വിൽക്കുന്ന പുതിയ വാഹനങ്ങളിൽ ഉപയോഗിക്കുന്നതിന് പുതിയ ടയർ ഇറക്കുമതി ചെയ്യുന്ന ഓട്ടോമൊബൈൽ നിർമ്മാതാക്കൾ

vi. വേസ്റ്റ്ടയർ ഇറക്കുമതി ചെയ്യുന്ന വ്യക്തി/സ്ഥാപനം

**2. റീസൈക്ലേഴ്സ്**

പരിസ്ഥിതി സൗഹാർദ്ദപരമായി വേസ്റ്റ് ടയർ (ട്യൂബ്സും ഫ്ളാപ്സും ഉൾപ്പെടെ) താഴെ പറയുന്ന ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന നടപടി/പ്രക്രിയ ചെയ്യുന്ന, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് വ്യക്തമാക്കിയിട്ടുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ/ഗൈഡ്ലൈൻസ് പ്രകാരമുള്ള സൗകര്യങ്ങളുള്ള സ്ഥാപനങ്ങൾ

i. റീക്ലെയ്മ്ഡ് റബ്ബർ
ii. ക്രമ്പ് റബ്ബർ
iii. ക്രമ്പ് റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (CRMB)
iv. റിക്കവേഡ് കാർബൺ ബ്ലാക്ക്, പുതിയ ടയർ നിർമ്മാണത്തിന് അസംസ്കൃത വസ്തുവായി ഉപയോഗിക്കാവുന്നത്
v. പൈറോളിസിസ ്ഓയിൽ/ചാർ, ഇന്ധനമായി ഉപയോഗിക്കാവുന്നത്, എന്നാൽ പുതിയ ടയർ നിർമ്മാണത്തിന് അസംസ്കൃത വസ്തുവായി ഉപയോഗിക്കാൻ പറ്റാത്തത്.

**3. ടയർ റീട്രേഡർമാർ**

ഇപ്പോൾ ഈ പോർട്ടലിൽ പ്രൊഡ്യൂസേഴ്സിനും റീസൈക്ലർമാർക്കും രജിസ്റ്റർ ചെയ്യാനുള്ള അവസരമാണ് ലഭ്യമാക്കിയിട്ടുള്ളത്. റീട്രേഡർമാർക്ക് രജിസ്റ്റർ ചെയ്യാനുള്ള അവസരം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് അറിയിപ്പ് നൽകുന്നതിനെ തുടർന്ന് റീട്രേഡിംഗ് സ്ഥാപനത്തെ അറിയിക്കുന്നതായിരിക്കും.

ടി പോർട്ടലിൽ രജിസ്ട്രേഷൻ ചെയ്യാതെ വേസ്റ്റ് ടയർ കൈകാര്യം ചെയ്യുന്ന ഒരു സ്ഥാപനവും പ്രവർത്തിപ്പിക്കുവാൻ പാടുള്ളതല്ല. കൂടാതെ ടി പോർട്ടലിൽ രജിസ്റ്റർ ചെയ്ത ഒരു സ്ഥാപനവും പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത മേൽ പറഞ്ഞ പ്രൊഡ്യൂസർമാരുമായോ, റീസൈക്ലർമാരുമായോ, റീട്രേഡർമാരുമായോ യാതൊരു കാരണവശാലും ഇടപാടുകളിൽ ഏർപ്പെടുവാൻ പാടുള്ളതല്ല. ഇതുകൂടാതെ മേൽ പറഞ്ഞ ചട്ടത്തിൽ, റൂൾ 10 പ്രകാരം രജിസ്റ്റർ ചെയ്യാത്ത പ്രൊഡ്യൂസറിൽമാരിൽ നിന്നും റീസൈക്ലർമാരിൽ നിന്നും റീട്രേഡ്ർമാരിൽ നിന്നും പാരിസ്ഥതിക നഷ്ടപരിഹാരം ഈടാക്കുന്നതായിരിക്കും.

രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് ദയവായി https://eprtyrescpcb.in സന്ദർശിക്കേണ്ടതാണ്. **ഇ.പി.ആർ രജിസ്ട്രേഷനെ സംബന്ധിച്ച് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുമായി ഫോൺ/ഇമെയിൽ മുഖേന ബന്ധപ്പെടാത്ത സ്ഥാപനമാണെങ്കിൽ സ്ഥാപനത്തിന്റെ പേര്, മേൽവിലാസം, ഫോൺ നമ്പർ, വാട്സാപ്പ് നമ്പർ, ഇ-മെയിൽ വിലാസം എന്നീ വിവരങ്ങളോടെ "Producer" അല്ലെങ്കിൽ "Recycler" അല്ലെങ്കിൽ "Retreader" എന്ന തലക്കെട്ടോടെ kspcbhosee2@gmail.com എന്ന ഇ-മെയിൽവിലാസത്തിൽ അയക്കേണ്ടതാണ്.**

പ്രൊഡ്യൂസേഴ്സിന്റെയും റീസൈക്ലേഴ്സിന്റെയും രജിസ്ട്രേഷനെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി താഴെ നൽകിയിരിക്കുന്ന ലിങ്കുകൾ സന്ദർശിക്കേണ്ടതാണ്.

| IMPORTANT LINKS | |
|---|---|
| Registration Link | https://www.eprtyrescpcb.in/ |
| Hazardous and Other Wastes (Management and Transboundary Movement) Amendment Rules, 2022 – Schedule IX | https://cpcb.nic.in/uploads/hwmd/HOWM-Sixth-Amendment-Rules-2022.pdf<br><br>https://www.eprtyrescpcb.in/rules/pdf/amendment-Rules-2022.pdf |
| SOP for Registration of Stakeholders (Producers, Recyclers &Retreaders) on the EPR Portal for Waste Tyre | https://www.eprtyrescpcb.in/rules/pdf/SoPforRegistrationofProducersonTyrePortal.pdf |
| Producer's (pg. 1-15) and Recycler's (pg. 16–23) Registration Manual | https://kspcb.kerala.gov.in/assets/uploads/misc/Instruction_sheet.pdf |
| Guidance Document for Generation and Transfer of EPR Certificate/Credit for Waste Tyre Management under EPR regime | https://www.eprtyrescpcb.in/assets/Guidance_Document_for_Generation_and_Transfer_of_EPR_Certificate_for_wastetyremanagement.pdf |

| IMPORTANT MAIL IDs | |
|---|---|
| For addressing EPR Portal (site) issues | **wastetyre.cpcb@gov.in**, archituprit.cpcb@nic.in, (with copy to kspcbhosee2@gmail.com) |
| For addressing EPR related queries and requiring clarification | **wastetyre.cpcb@gov.in** (with copy to kspcbhosee2@gmail.com) |
| Email ID of State Nodal Officer | kspcbhosee2@gmail.com |

| IMPORTANT CONTACT NUMBERS | |
|---|---|
| Central Pollution Control Board | 01143102467 |
| State Nodal Officer | 9188921386 |